Malayala Manorama
09.09.2026

# ‘ക്ഷിതിജ് 2.0’ തുടങ്ങി

കൊച്ചി ● ഫിഷറീസ് മേഖലയിലെ സംരംഭങ്ങളും നൂതന ആശയങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സിഫ്റ്റ്), വിവിധ ഫിഷറീസ് സ്ഥാപനങ്ങളുമായി സഹകരിച്ചു നടത്തുന്ന ദേശീയ സംരംഭകത്വ പരിപാടി ‘ക്ഷിതിജ് 2.0’ തുടങ്ങി.

രാജ്യത്തുടനീളം 35 പരിശീലന ക്യാംപുകളിലായി 270 അപേക്ഷകർ ഭാഗമാകുന്ന പരിപാടിയുടെ ഓൺലൈൻ ഉദ്ഘാടന ചടങ്ങിൽ ഫിഷറീസ് ഡവലപ്മെന്റ് കമ്മിഷണർ ഡോ.കെ.മുഹമ്മദ് കോയ മുഖ്യാതിഥിയായി.

സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ അധ്യക്ഷത വഹിച്ചു. ഡോ.ശുഭദീപ് ഘോഷ്, ഡോ.നീരു ഭൂഷൺ, ഡോ.സി.ഒ.മോഹൻ, ഡോ.എസ്.രമ്യ എന്നിവർ പ്രസംഗിച്ചു.